# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2938 — 11.12.2014 ൽ മറുപടിയ്ക്ക്

### അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത രണ്ടായിരത്തിൽപ്പരം അൺ-എയ്ഡഡ് സ്കൂളുകൾക്ക് കൂടി അംഗീകാരം നൽകി പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന് ഈ അദ്ധ്യയന വർഷം തന്നെ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉള്ള, നല്ല നിലയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം ഇല്ലാത്തതിനാൽ അത്തരം സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെയും പഠിക്കുന്ന വിദ്യാർത്ഥികളുടെയും അവരുടെ രക്ഷിതാക്കളുടെയും ആശങ്കകൾ പരിഗണിച്ച് ഉടൻതന്നെ ഇവയ്ക്ക് അംഗീകാരം നല്കുവാൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) & (ബി) | സ.ഉ.(കൈ) 184/13/പൊ.വി. തീയതി 10.06.2013 ഉത്തരവ് പ്രകാരം സംസ്ഥാന പാഠ്യപദ്ധതി അനുസരിച്ച് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവർക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. 31.12.2014 വരെ ഇത്തരം വിദ്യാലയങ്ങളുടെ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ